ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 26.06.2025**

## പ്രധാനവാർത്തകൾ

1) മയക്കുമരുന്നിനെതിരെയുള്ള പോരാട്ടം ശക്തമാക്കണമെന്ന ഓർമപ്പെടുത്തലുമായി ഇന്ന് അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം; രാജ്യമെമ്പാടും വിപുലമായ പരിപാടികൾ.

2) ലഹരിക്കെതിരെയുള്ള ശക്തമായ പോരാട്ടത്തിൽ കുട്ടികൾ മുൻനിരയിൽ നിൽക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ; 'നോ ടു ഡ്രഗ്സ്' ക്യാമ്പയിൻ അഞ്ചാം ഘട്ടത്തിന് ഇന്ന് തുടക്കമാകും.

3) സംസ്ഥാനത്ത് അതിശക്തമായ മഴ; എട്ട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത; കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

4) ശക്തമായ മഴയിൽ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി; ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു; നദികളിലും അണക്കെട്ടുകളിലും ജലനിരപ്പ് ഉയരുന്നു.

5) നിലമ്പൂർ എം.എൽ.എ യായി ആര്യാടൻ ഷൗക്കത്ത് നാളെ സത്യപ്രതിജ്ഞ ചെയ്യും.

*********************************************************************

RNU TVPM

## ദേശീയ - ലഹരി വിരുദ്ധം

ഇന്ന് അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം. മയക്കു മരുന്നിന് അടിമപ്പെടാത്ത അന്താരാഷ്ട്ര സമൂഹത്തിനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കുകയാണ് ദിനാചരണത്തിൻറെ ലക്ഷ്യം. രാജ്യത്ത് ഈ മാസം 12 മുതൽ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ സംഘടിപ്പിച്ച **"നശ മുക്ത ഭാരത് പഖ്വാഡ"** പരിപാടിയിലെ യുവാക്കളുടെ പങ്കാളിത്തം ലഹരിക്കെതിരായ പോരാട്ടത്തിന് വലിയ പ്രചോദനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

****************************************************************************

## ലഹരിമുക്തം- മുഖ്യമന്ത്രി (ഇൻട്രോ)

RNU TVPM

ലഹരിക്കെതിരെയുള്ള ശക്തമായ പോരാട്ടത്തിൽ, കുട്ടികളാണ് മുൻ നിരയിൽ നിൽക്കേണ്ടതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിൻറെ ഭാഗമായി തിരുവനന്തപുരം കോട്ടൻഹിൽ സ്കൂളിൽ സ്കൂൾതല കർമപദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

( **വോയിസ്....** )

സംസ്ഥാന സർക്കാരിൻറെ 'നോ ടു ഡ്രഗ്സ്' ക്യാമ്പയിൻ അഞ്ചാം ഘട്ടത്തിനും മുഖ്യമന്ത്രി ഇന്ന് തുടക്കം കുറിക്കും. 2026

ജനുവരി 30 വരെ നീളുന്ന ക്യാമ്പയിനിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

****************************************************************************

## ലഹരി വിരുദ്ധ സന്ദേശ യാത്ര

കായിക വകുപ്പിൻ്റെ ലഹരിവിരുദ്ധ സന്ദേശയാത്രയ്ക്ക് ഇന്ന് സമാപനം. തിരൂരിൽ നടക്കുന്ന സമാപന സമ്മേളനം മന്ത്രി വി.അബ്ദു റഹ്മാൻ ഉദ്ഘാടനം ചെയ്യും. ഇതിനു മുന്നോടിയായി

നടക്കുന്ന അംബ്രല്ല റാലിയിൽ ദേശീയ അന്തർദ്ദേശീയ കായിക താരങ്ങൾ പങ്കെടുക്കും.

*****************************************************************************

## മുഖ്യമന്ത്രി -കോഴിക്കോട്

ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാൻ സാധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ലഹരിവിരുദ്ധ ജനകീയ പ്രതിരോധം **'2 മില്യൺ പ്ലഡ്ജ് പരിപാടിയുടെ'** ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം. ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ 20 ലക്ഷം പേർ ഒരുമിച്ച് ലഹരിക്കെതിരായ പ്രതിജ്ഞ ചൊല്ലി.

RNU TVPM

*****************************************************************************

## മഴ- സംസ്ഥാനം

സംസ്ഥാനത്ത് അതിതീവ്ര മഴ. വയനാട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. മിക്ക നദികളിലെയും ജലനിരപ്പ് ഉയരുകയാണ്. കനത്ത മഴയെ തുടർന്ന് താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. അപകട സാധ്യത കണക്കിലെടുത്ത് നിരവധി പേരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി. ഇടുക്കി ജില്ലയിലെ പൊന്മുടി, കല്ലാർകുട്ടി, ലോവർ പെരിയാർ, മലങ്കര അണക്കെട്ടുകളും കണ്ണൂരിലെ പഴശ്ശി ഡാം, പത്തനംതിട്ടയിലെ മൂഴിയാർ ഡാം, തൃശൂർ പെരിങ്ങൽകുത്ത് തുടങ്ങിയവ തുറന്നിട്ടുണ്ട്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

******************************************************************************

## വയനാട് - മഴ (ഇൻട്രോ)

വയനാട് ജില്ലയിൽ അതിതീവ്ര മഴ തുടരുന്ന സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി. പുന്നപ്പുഴയും ബത്തേരി കല്ലൂർപ്പുഴയും കരകവിഞ്ഞൊഴുകുകയാണ്. ബെയ്‌ലി പാലത്തിലേക്കും സമീപ പ്രദേശങ്ങളിലേക്കുമുള്ള പ്രവേശനം നിരോധിച്ചു. മഴയിൽ നിരവധിയിടങ്ങളിൽ കൃഷിനാശവും റിപ്പോർട്ട് ചെയ്തു. കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി **അരുൺ വിൻസെന്റ്......**
**( വോയിസ്....)**

******************************************************************************

## കണ്ണൂർ- മഴ

കണ്ണൂരിൽ ഇടവിട്ട് പെയ്യുന്ന അതിശക്തമായ മഴ ജനജീവിതത്തെ ബാധിച്ചു. കൂട്ടുപുഴ ഭാഗത്ത് പുഴകളിൽ ജലനിരപ്പ് ഉയർന്നു. കടലേറ്റവും രൂക്ഷമാണ്. ആറളം ഫാമിൽ ഇടിമിന്നലേറ്റ് കള്ള് ചെത്ത് തൊഴിലാളി മരിച്ചു.

RNU TVPM

******************************************************************************

## ഇടുക്കി - മഴ (ഇൻട്രോ)

ഇടുക്കി ജില്ലയിൽ മലയോര മേഖലകളിൽ ഉൾപ്പെടെ മഴ അതിശക്തമായി തുടരുകയാണ്. മിക്ക തോടുകളും പുഴകളും നിറഞ്ഞു കവിഞ്ഞു.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ......**

(വോയിസ്)

*****************************************************************************

## മഴ- എറണാകുളം

അണക്കെട്ടുകളിൽ നിന്നും കൂടുതൽ ജലം തുറന്നു വിട്ടതോടെ ആലുവ ശിവക്ഷേത്രം വീണ്ടും പൂർണമായി മുങ്ങി. ഇതേ തുടർന്ന് പിതൃ ദർപ്പണ ചടങ്ങുകൾ കരയിലേക്ക് മാറ്റി. കൊച്ചി നഗരത്തിൽ ഇടവിട്ട് പെയ്ത കനത്ത മഴ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറാൻ കാരണമായി.

*****************************************************************************

## മഴ - രാജ്യം

രാജ്യത്തിന്റെ വടക്കു- പടിഞ്ഞാറൻ, വടക്കു-കിഴക്കൻ മേഖലയിലും അടുത്ത ഒരാഴ്ച അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഹിമാചൽ പ്രദേശിൽ കനത്ത മഴയ്ക്കൊപ്പം മേഘ വിസ്ഫോടനവും വെള്ളപ്പൊക്കവും റിപ്പോർട്ട് ചെയ്തു.

RNUTVPM

*****************************************************************************

## സത്യപ്രതിജ്ഞ

നിലമ്പൂർ എംഎൽഎ ആയി ആര്യാടൻ ഷൗക്കത്ത് നാളെ സത്യപ്രതിജ്ഞ ചെയ്യും. നിയമസഭാ മന്ദിരത്തിലെ

ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വൈകുന്നേരം 3.30 ന് സ്പീക്കർ മുമ്പാകെയാണ് സത്യപ്രതിജ്ഞ. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ 11,000-ലേറെ വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് യു ഡി എഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് വിജയിച്ചത്.

**************************************************************************

## കേസരി പുരസ്കാരം -മുഖ്യമന്ത്രി

മാധ്യമരംഗത്തെ സമഗ്ര സംഭാവനകൾ പരിഗണിച്ച് സംസ്ഥാന സർക്കാർ നൽകുന്ന സ്വദേശാഭിമാനി കേസരി പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും. തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരങ്ങൾ വിതരണം ചെയ്യും. 2021 ലെ പുരസ്കാരത്തിന് കെ. ജി. പരമേശ്വരൻ നായരും, 2022 ലെ പുരസ്കാരത്തിന് ഏഴാച്ചേരി രാമചന്ദ്രനും, 2023ലെ പുരസ്കാരത്തിന് എൻ. അശോകനും അർഹരായി.

**************************************************************************

## പേ വിഷബാധ -നടപടി (ഇൻട്രോ)

RNU TVPM

തൃശൂർ വാഴച്ചാലിൽ പേവിഷബാധയെ തുടർന്നുണ്ടായ മരണത്തിൽ അടിയന്തര നടപടിയുമായി ആരോഗ്യവകുപ്പ്. ഏതാനും ദിവസം മുൻപാണ് കാഡർ ഉന്നതിയിലെ രാമൻ എന്ന വ്യക്തി പനിയെ തുടർന്ന് മരിച്ചത്. തുടർന്ന് തിരുവനന്തപുരത്തെ ലാബിൽ നടത്തിയ പരിശോധനയിൽ മരണകാരണം പേവിഷബാധയാണെന്ന് കണ്ടെത്തി.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ [പ്രതിനിധി **ഭരിതാ പ്രതാപ്....**
**( വോയിസ്....)**

**************************************************************************

## കൊല്ലം -വിജിലൻസ് കോടതി

വിജിലൻസ് കേസുകളുടെ അതിവേഗ തീർപ്പ് ലക്ഷ്യമിട്ട് കൊല്ലം ജില്ലയിൽ വിജിലൻസ് കോടതിയും അനുബന്ധമായി പബ്ളിക് പ്രോസിക്യൂട്ടർ ഓഫീസും ആരംഭിക്കുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം നിർവഹിക്കും. കൊല്ലം, പത്തനംതിട്ട ജില്ലകളുടെ പരിധിയിലുള്ള കേസുകളാണ് കോടതി പരിഗണിക്കുക.

******************************************************************************

## അച്യുതാനന്ദൻ

തിരുവനന്തപുരത്ത് സ്വകാര്യ ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻറെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നു. ജീവൻ രക്ഷാ ഉപകരണങ്ങളുടെ സഹായത്തോടെ ശ്വസനവും രക്തസമ്മർദ്ദവും വൃക്കകളുടെ പ്രവർത്തനവും സാധാരണ നിലയിലാക്കാൻ വിദഗ്ദ്ധ മെഡിക്കൽ സംഘം ശ്രമിച്ചുവരികയാണെന്ന് മെഡിക്കൽ ബുള്ളറ്റിൻ.

******************************************************************************

## ഉൾച്ചെരാത്

ആകാശവാണി പ്രക്ഷേപണത്തിൻറെ 90-ാം വാർഷികത്തോട് അനുബന്ധിച്ച് തിരുവനന്തപുരം നിലയം നാളെ കാഴ്ചപരിമിതർക്കായി പ്രത്യേക പരിപാടി സംഘടിപ്പിക്കും. കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻറിൻറെ സഹകരണത്തോടെയാണ്, ഹെലൻ കെല്ലറിൻറെ ജന്മദിനമായ നാളെ ഉൾച്ചെരാത് എന്ന പേരിൽ പരിപാടി സംഘടിപ്പിക്കുന്നത്. സംസ്ഥാന ഭിന്നശേഷി കമ്മീഷണർ പി.ടി.ബാബുരാജ് ഉദ്ഘാടനം ചെയ്യും. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം വിഭാഗം മേധാവി പി.എ.ബിജു അധ്യക്ഷനാകും.

RNUTVPM

******************************************************************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ

പരിപാടി '**മൻ കീ ബാത്'** ഈ മാസം 29 ന് രാവിലെ 11ന്. പരിപാടിയുടെ 123-ാം പതിപ്പാണിത്. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും **MyGov** ഓപ്പൺ ഫോറത്തിലൂടെയും നാളെ വരെ അറിയിക്കാവുന്നതാണ്.

*****************************************************************************

## സംസ്ഥാന ജൂനിയർ ഫുട്ബോൾ

സംസ്ഥാന ജൂനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൻറെ ആൺകുട്ടികളുടെ ഫൈനലിൽ ഇന്ന് മലപ്പുറം തിരുവനന്തപുരവുമായി ഏറ്റുമുട്ടും .തൊടുപുഴയിൽ , വൈകുന്നേരം നാലിനാണ് മത്സരം. മൂന്നാം സ്ഥാനത്തിനായി രാവിലെ നടന്ന മത്സരത്തിൽ പാലക്കാടിനെ പരാജയപ്പെടുത്തി തൃശ്ശൂരിനു ജയം.

*****************************************************************************

## കെ.സി.ആർ.രാജ അന്തരിച്ചു

കോഴിക്കോട് സാമൂതിരി കെ.സി.ആർ. രാജ എന്നറിയപ്പെടുന്ന കോട്ടക്കൽ കിഴക്കേ കോവിലകത്തെ രാമചന്ദ്രൻ രാജ അന്തരിച്ചു. 93-ാം വയസ്സായിരുന്നു. വാർദ്ധക്യ സംബന്ധമായ അസുഖത്തെ തുടർന്ന് ഇന്ന് രാവിലെ ബെംഗളൂരുവിലായിരുന്നു അന്ത്യം. സംസ്കാരം നാളെ ബെംഗളൂരുവിൽ നടക്കും.

*****************************************************************************

## പോക്സോ അട്ടിമറി-പത്തനംതിട്ട

പത്തനംതിട്ടയിൽ, ഹൈക്കോടതി അഭിഭാഷകൻ പ്രതിയായ പോക്സോ കേസ് അട്ടിമറിക്കാൻ ശ്രമിച്ച ജില്ലാ ശിശുക്ഷേമ സമിതി

PNU TVPM

അധ്യക്ഷനെ സസ്പെൻഡ് ചെയ്തു. ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടിനെ തുടർന്ന് എൻ രാജീവനെയാണ് സസ്‌പെൻഡ് ചെയ്തത്. മറ്റൊരു കേസിൽ, ഇയാൾ അതിജീവിതയുടെ വിവരങ്ങൾ മാധ്യമങ്ങളോട് വെളിപ്പെടുത്തിയെന്നും കണ്ടെത്തിയിട്ടുണ്ട്.

*****************************************************************************

## ഓഹരി -സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി വിപണി സൂചിക സെൻസെക്സ്, 309 പോയിൻറ് ഉയർന്ന് 83,065 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 101 പോയിൻറ് നേട്ടത്തിൽ 25,346 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ മാറ്റമില്ല. ഗ്രാമിന് 9,070 രൂപയും പവന് 72,560 രൂപയുമാണ് ഇന്നത്തെ വില.

*************************************************************************************************************************

**********************************

RNUTVPM